ണെന്ന ഡി.എഫ്.ഒ.യുടെ റിപ്പോർട്ട് ശരിയല്ലെന്ന് വിജിലൻസ് വിഭാഗം ചൂണ്ടി ക്കാണിച്ചിട്ടുണ്ട്. കോടനാട് റെയിഞ്ചാഫീസറുടെ ഭാഗത്തുനിന്നും നോട്ട പിശക് സംഭവിച്ചതായും റിപ്പോർട്ടുണ്ട്.

(എൽ) സ്വീകരിച്ചുവരുന്നു.

'ഫോറസ്റ്റർ തസ്തികയിലുള്ള ഒഴിവുകൾ'

92 (427) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യ ങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം സർക്കിളിൽ നിലവിൽ എത്ര ഫോറസ്റ്റർ തസ്തികക ളുടെ ഒഴിവുകളാണുള്ളതെന്നും 31.1.2001 വരെ എത്ര ഒഴിവുകളുണ്ടാകുമെന്നും വ്യക്തമാക്കാമോ;

(ബി) ഫോറസ്റ്റർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ ഉണ്ടോ;

(സി) ഫോറസ്റ്റർ തസ്തികയിൽ നിയമനം നടത്തുവാൻ സ്പെഷ്യൽ റൂൾ രൂപവൽക്കരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത റൂളിൽ 50% ത്തിൽ അധികം ഒഴിവുകൾ സർവ്വീസ് കാറ്റഗറിയിൽനിന്നുള്ളവർക്കായി മാറ്റിവയ്ക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിവിധ അനുപാതം എത്രയെന്ന് വ്യക്തമാക്കാമോ;

(ഇ) ഒരു സംവരണവും അൻപതു ശതമാനത്തിൽ അധികമാകരു തെന്ന് സുപ്രീംകോടതി വിധി നിലവിലുള്ളതിനാൽ, നിലവിലുള്ള സ്പെഷ്യൽ റൂളിന് പ്രാബല്യമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(എഫ്) ഓപ്പൺ കാറ്റഗറിയിൽനിന്നുള്ള നിയമനം അൻപതു ശതമാന ത്തിനു താഴെയാണെങ്കിൽ സാമുദായിക സംവരണ വ്യവസ്ഥയിലൂടെ നിയ മനം ലഭിക്കുന്നവരുടെ സംഖ്യയിൽ കുറവുണ്ടാകുമോ; എങ്കിൽ നിലവിലുള്ള കുറവ് നികത്തുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 31.10.2000 വരെ 11 ഫോറസ്റ്റർമാരുടെ ഒഴിവുകൾ ആണ് ഉണ്ടാ യിരുന്നത്. 31.1.2001 വരെ 6 ഒഴിവുകൾകൂടി ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) ഉണ്ട്. താഴെപ്പറയുന്ന അനുപാതത്തിലാണ് നിയമനം നടത്തിവ രുന്നത്. ഫോറസ്റ്റ് ഗാർഡുമാരുടെ പ്രൊമോഷൻ വഴിയായി 65%, നേരിട്ടുള്ള നിയമനം 25%, മിനിസ്റ്റീരിയൽ വിഭാഗത്തിൽനിന്നുള്ള നിയമനം 10%

(ഇ) സാമുദായിക സംവരണം 50%ത്തിൽ അധികമാകരുതെന്നാണ് സുപ്രീംകോടതി വിധിച്ചിട്ടുള്ളത്. ഇപ്രകാരമുള്ള വിധി സ്പെഷ്യൽ റൂൾ അനു സരിച്ചുള്ള പ്രമോഷനും നേരിട്ടുള്ള നിയമനവും തസ്തികമാറ്റം വഴിയുള്ള നിയ മനവും തമ്മിലുള്ള അനുപാതം നിശ്ചയിക്കുന്നതിന് എതിരല്ല. ആയതിനാൽ സ്പെഷ്യൽ റൂളിന് പ്രാബല്യമുണ്ട്.

(എഫ്) ഫോറസ്റ്റ് ഗാർഡുമാരുടെ തസ്തികകളിലേക്കും മിനിസ്റ്റീരിയൽ വിഭാഗത്തിലേക്കും നേരിട്ടുള്ള നിയമന വിഭാഗത്തിലും നിയമനം നടത്തുന്നത്

LIBRARY ARCHIVES Kerala Legislative Assembly

പി.എസ്.സി. വഴിയായി നിലവിലുള്ള സംവരണ തത്വങ്ങൾ പാലിച്ചുകൊണ്ടാണ്. ഇതിനാൽ സാമുദായിക സംവരണ വ്യവസ്ഥയിലൂടെ നിയമനം ലഭിക്കുന്നവരുടെ സംഖ്യയിൽ കുറവുണ്ടാകുന്നതല്ല.

വനംവകുപ്പിലെ ദിവസക്കൂലി ജീവനക്കാർ

93 (428) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിൽ ചീഫ് കൺസർവേറ്റർ ഓഫീസ് മുതൽ റെയിഞ്ച് ഓഫീസ് വരെ വിവിധ തസ്തികകളിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ തസ്തിക തിരിച്ചും ഓഫീസ് തിരിച്ചുമുള്ള സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ;

(സി) നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി സർവ്വീസിൽ തുടരുന്ന ദിവസക്കൂലിക്കാരെ അടിയന്തിരമായി പിരിച്ചുവിടാൻ നടപടി സ്വീകരിക്കുമോ;

(ഡി) വർഷങ്ങളായി ദിവസക്കൂലി അടിസ്ഥാനത്തിൽ സർവ്വീസിൽ തുടരുന്ന ജീവനക്കാരെ ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോഴും സർവ്വീസിൽ തുടരാൻ അനുവദിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ചുവരുന്നു.

റെയിഞ്ചർമാരുടെ നിയമനം

94 (429) ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. സി. മോയീൻകുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ഒക്ടോബർ മാസത്തിനുശേഷം ഇതുവരെ വനംവകുപ്പിൽ എത്ര റെയിഞ്ചർമാർ പെൻഷൻ പറ്റിയിട്ടുണ്ട്;

(ബി) ഈ ഒഴിവുകളിൽ നിയമനം നടത്തിയത് എപ്രകാരമാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ ഒഴിവുകളിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിലുള്ളവർക്ക് നിയമനം നൽകിയിട്ടുണ്ടോ;

(ഡി) റെയിഞ്ചർമാരുടെ കേഡർ സ്ട്രെങ്തിന്റെ 25% വീതം നാല് കാറ്റഗറികൾക്കായി നൽകണമെന്ന സർക്കാർ ഉത്തരവ് നിലവിലുണ്ടോ;

(ഇ) എങ്കിൽ ഓരോ കാറ്റഗറിയിലും ജോലി നോക്കിവരുന്ന റെയിഞ്ചർമാർ എത്രവീതമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1999 ഒക്ടോബർ മാസത്തിനുശേഷം 30/11/2000 വരെ 21 റെയിഞ്ചർമാർ പെൻഷൻ പറ്റിയിട്ടുണ്ട്.

(ബി) പ്രസ്തുത 21 ഒഴിവുകളിൽ താഴെപ്പറയുന്ന രീതിയിൽ നിയമനം നടത്തി:

LIBRARY ARCHIVES Kerala Legislative Assembly